പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3624 10/04/2013- ൽ മറുപടിക്ക്

<u>സബ്സിഡി നിരക്കിൽ പശുക്കളെ ലഭ്യമാക്കുന്നതിനു പദ്ധതി</u>

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എ . അസീസ്: | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| നല്ലയിനം പശുക്കളെ ക്ഷീര കർഷകർക്കു സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ ? | മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന വിഹിതത്തിലൂടെ നടപ്പാക്കുന്ന പദ്ധതികളിൽ നല്ലയിനം പശുക്കളെ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ കുട്ടനാട്, ഇടുക്കി പാക്കേജിലൂടെ കടക്കെണിയിൽ പ്പെട്ട കർഷകർക്ക് പശുക്കളെ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നബാർഡ് മുഖേന ഡയറി എന്റർപ്രണർ ഡെവലപ്പ്മെന്റ് സ്കീം നടപ്പിലാക്കി വരുന്നു. പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും , ക്ഷീരമേഖല പ്രോത്സാഹിപ്പിക്കുന്നതിനും പല ഘടകങ്ങൾ ഈ പദ്ധതിയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. ബാങ്ക് മുഖേന വായ്പയിലൂടെ ബാക്കെന്റ് സബ്സിഡിയായി (25% ക്യാപിറ്റൽ സബ്സിഡി) ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ

ns